പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*448 — 16.05.2017 ൽ മറുപടിയ്ക്ക്

## പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ആന്റണി ജോൺ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി എല്ലാ വീടുകളിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18 വർഷം പച്ചക്കറി വികസന പദ്ധതിക്കായി 85 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി വിദ്യാർത്ഥികൾ, കൃഷിക്കാർ എന്നിവർക്കായി 20 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളുടെ സൗജന്യ വിതരണം, കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകൾ വീട്ടുവളപ്പിലെ കൃഷിക്കായി വിതരണം, മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 37000 ഗ്രോബാഗ് യൂണിറ്റുകൾ നൽകുകയും. ഗ്രോബാഗുകളോടൊപ്പം കമ്പോസ്റ്റ് യൂണിറ്റുകൾ, സൂക്ഷ്മ ജലസേചന/തിരിനന ജലസേചനത്തിനും സഹായം നൽകുന്നു. മുൻ കൃഷിയ്ക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ധനസഹായം നൽകുന്നു. മാധ്യമങ്ങൾ വഴി വീട്ടുവളപ്പിലെ കൃഷിക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നു. നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷിക്കായി കണികാ ജലസേചനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, നഗരങ്ങളിലെ പച്ചക്കറി കൃഷിക്കായി മിനി പോളീഹൗസ് പ്രോത്സാഹനം എന്നിവയും 2017-18 ൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| ബി) ഇതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ പദ്ധതിപ്രകാരം കൃഷിക്കായി നൽകുന്നത്; | ബി) ടി പദ്ധതി കൃഷി വകുപ്പ് നേരിട്ട് കൃഷി ഭവനുകൾ വഴിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയ്ക്കാവശ്യമായ പച്ചക്കറി വിത്തുകൾ, തൈകൾ തുടങ്ങിയവ സർക്കാർ സംവിധാനങ്ങളിൽ കൂടി ലഭ്യമാക്കുന്നു. പദ്ധതികൾക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കൃഷി വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) സ്കൂളുകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യാൻ സഹായങ്ങൾ നൽകി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി നടത്താൻ പദ്ധതി ലക്ഷ്യമിടുന്നു. ഇതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൃഷി യോഗ്യമായ ഭൂമിയുള്ള സ്കൂളുകൾക്ക് കൃഷി ചിലവിനായി 4,000/- രൂപയും പ്രവർത്തന ചിലവിനായി 1,000/- രൂപയും (ഇതിനായി 25 ലക്ഷം രൂപ) ധനസഹായം നൽകുന്നു. ഇതിനു പുറമെ ജല ദൗർലഭ്യം നേരിടുന്ന സ്കൂളുകളിൽ ജലസേചന ഉപാധികൾ വാങ്ങുന്നതിനായി പരമാവധി 10,000/- രൂപ (ഇതിനായി 5 ലക്ഷം രൂപ) വരെയും ധനസഹായം നൽകുന്നുണ്ട്. സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 170 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഡി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് പരിശോധന നടത്താൻ എന്തെങ്കിലും സംവിധാനമുണ്ടോ; | ഡി) സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്, ബയോഗ്യാസ് ആന്റ് വെജിറ്റബിൾ), ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് പരിശോധന നടത്തുന്നു. ഇതിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| ഇ) | ഈ പദ്ധതി നടപ്പാക്കിയതിനുശേഷം പച്ചക്കറി ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഇ) 2015-16 -ൽ പദ്ധതി നടപ്പാക്കിയതിനുശേഷം 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു. 2016-17 - ൽ 6.28 ലക്ഷം ടണ്ണിൽ നിന്നും 7.25 ലക്ഷം മെട്രിക് ടൺ ആയി ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി പച്ചക്കറി തൈകൾ നട്ട 25 ഗ്രോബാഗുകൾ അടങ്ങുന്ന ഒരു യൂണിറ്റ് 75 ശതമാനം സബ്സിഡി (1500/യൂണിറ്റ്) നിരക്കിൽ വിതരണം ചെയ്യുന്നു. 37000 ഗ്രോബാഗ് യൂണിറ്റുകൾക്കായി 555 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മുൻ വർഷങ്ങളിലെ ഗ്രോബാഗ് യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു കർഷന് 200 രൂപ വീതം ധനസഹായം നൽകുന്നു. ഇതിനായി 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഗ്രോബാഗുകളോടൊപ്പം കമ്പോസ്റ്റ് യൂണിറ്റുകൾ, സൂക്ഷ്മ ജലസേചന/തിരിനന ജലസേചനത്തിനും സഹായം നൽകുന്നു. കമ്പോസ്റ്റ് യൂണിറ്റുകൾക്ക് 50 ശതമാനം സബ്സിഡി @2500/- രൂപ നൽകുന്നു. 2600 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സൂക്ഷ്മ ജലസേചന/തിരിനന ജലസേചനത്തിനും 50 ശതമാനം സബ്സിഡി (2000 രൂപ/യൂണിറ്റ്) നൽകുന്നു. 2250 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 45 ലക്ഷം രൂപ വകയിരുത്തിയിക്കുന്നു. മാധ്യമങ്ങൾ വഴി വിത്ത് കിറ്റ് വിതരണത്തിനായി 20 രൂപ വിലയുള്ള 6 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

S. [signature]

**സെക്ഷൻ ഓഫീസർ**